**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**പി.ജി.നഴ്സിംഗ് കോഴ്സ് പ്രവേശനം-2025**
**ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശാരീരിക പരിശോധന സംബന്ധിച്ച്.**

സംസ്ഥാനത്തെ പി.ജി.നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം മെഡിക്കൽ ബോർഡ് നടത്തുന്നു. **2025 വർഷത്തെ ഭിന്നശേഷി വിഭാഗക്കാർക്കുള്ള മെഡിക്കൽ ബോർഡ് 29.08.2025 രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ കോൺഫറൻസ് ഹാളിൽ** വച്ച് നടത്തുന്നു.

2025 വർഷത്തെ പി ജി നഴ്സിംഗ് പ്രവേശനത്തിന് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുവാനായി ഓൺലൈൻ മുഖേന അപേക്ഷ നൽകിയ വിദ്യാർത്ഥികൾ അറിയിപ്പ് കത്തിൽ പറഞ്ഞിരിക്കുന്ന ഡോക്യുമെന്റുകളുടെ പ്രിന്റൗട്ട്, മെഡിക്കൽ രേഖകൾ എന്നിവ സഹിതം മുകളിൽ പറഞ്ഞ സമയത്ത് മെഡിക്കൽ പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതും താഴെപറയുന്ന രേഖകൾ ( ബാധകമായവ ) മെഡിക്കൽ ബോർഡിൽ ഹാജരാക്കേണ്ടതുമാണ് .

1. UDID കാർഡ്
2. ആധാർ കാർഡ്
3. ഇതുവരെ സ്വീകരിച്ചിട്ടുള്ള മെഡിക്കൽ/സർജിക്കൽ ചികിത്സാ രേഖകൾ.
4. ബാഹ്യ കർണ്ണത്തിന്റെയും, മധ്യകർണ്ണത്തിന്റെയും തകരാറു മൂലമുള്ള കേൾവിക്കുറവിനെ ചികിത്സിക്കുകയും, ചികിത്സയ്ക്കു ശേഷം 6 (ആറ്) മാസം കഴിഞ്ഞുള്ള കേൾവി പരിശോധന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.
5. മെഡിക്കൽ ബോർഡിനു വരുമ്പോൾ ശ്രവണ സഹായ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ പ്രവർത്തന ക്ഷമതയുള്ള ഉപകരണങ്ങൾ (ഇരു ചെവികളിലും ഉപയോഗിക്കുന്നുണ്ടെങ്കിൽ രണ്ടു ഉപകരണങ്ങളും) ഉണ്ടാകേണ്ടതാണ്.
6. സ്പീച്ച് ഡിസ്എബിലിറ്റി ഉള്ളവർ, പ്രോസ്തറ്റിക് (കൃത്രിമ) ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് കൊണ്ടുവരേണ്ടതാണ്.
7. സ്പീച്ച് ആന്റ് ലാംഗേജ് ഡിസ്എബിലിറ്റി ഉള്ളവർ, റീ ഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ) രജിസ്ട്രേഷൻ ഉള്ള സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റിന്റെ പക്കൽ നിന്നും

ഒരു വർഷം പതിവായി സ്പീച്ച് തെറാപ്പി സ്വീകരിച്ചതിന്റെ രേഖാമൂലമുള്ള തെളിവ് ഹാജരാക്കേണ്ടതാണ്.

8. ശ്രവണവൈകല്യമുള്ളവർ: ശ്രവണവൈകല്യമുള്ളവർ അടുത്ത കാലത്ത് സർക്കാർ ആശുപത്രികളിൽ നിന്നും ലഭിച്ചിട്ടുള്ള ഓഡിയോഗ്രാം (with aid and without aid) റിപ്പോർട്ട് പരിശോധനാവേളയിൽ ഹാജരാക്കേണ്ടതാണ്. 40%-ൽ കൂടുതൽ ശ്രവണ വൈകല്യമുള്ളവർ സഹായ ഉപകരണങ്ങളുടെ (Hearing Aids) ഉപയോഗത്തിലൂടെ ശ്രവണവൈകല്യത്തിന്റെ തോത് 40%-ൽ താഴെയുള്ള നിരക്കിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടി മെഡിക്കൽ ബോർഡിൽ ഹാജരാക്കേണ്ടതാണ് (Speech Discrimination Score 60%-ൽ കൂടുതലായിരിക്കണം).
9. കാഴ്ചകുറവുള്ള അപേക്ഷകർ: 40%-ൽ കൂടുതൽ കാഴ്ചവൈകല്യമുള്ളവർ സഹായ ഉപകരണങ്ങളുടെ (vision aids) ഉപയോഗത്തിലൂടെ അവരുടെ അംഗവൈകല്യത്തിന്റെ തോത് 40%-ൽ തഴെയാക്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡിന് മുൻപാകെ ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ ഭിന്നശേഷി വിഭാഗം സീറ്റുകളിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun S Nair
Date: 25-08-2025 11:17:47

തിരുവനന്തപുരം
25-08-2025